കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# കോഡൂർ ഗ്രാമ പഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട് 2018-19


ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം

e-mail: dompm.ksad@kerala.gov.in

(രജിസ്റ്റർ ചെയ്തു കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.എം.പി.എം.27/926/2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം

മലപ്പുറം ജില്ല

തീയതി. 25-08-2020

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് ,(സെക്രട്ടറി മുഖേന)

കോഡൂർ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : കോഡൂർ ഗ്രാമപഞ്ചായത്ത് 2018-19 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കോഡൂർ ഗ്രാമപഞ്ചായത്തിന്റെ 2018-19സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1 ലെ ഖണ്ഡികകളിലേക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15, 21(1),(2) എന്നിവ കാണുക).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :
1)കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം(ഉപരിപത്രം സഹിതം)
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ,മലപ്പുറം
3)പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർ,മലപ്പുറം

4)കാര്യാലയ പകർപ്പ്.
എം.എ.8/2020

നം.കെ.എസ്.എ.എം.പി.എം.27/926/2020

തിയതി: 25-08-2020

## മലപ്പുറം ജില്ലയിലെ കോഡൂർ ഗ്രാമ പഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

മലപ്പുറം ജില്ലയിലെ കോഡൂർ ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്തിന് കീഴിലുള്ള കംമ്പ്യൂട്ടർ സെന്റർ 01.04.2018 മുതൽ 31.03.2019 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക് പഞ്ചായത്ത് 07.03.2019 മുതൽ 30.06.2020 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 13 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ മറുപടിയൊന്നും ലഭിച്ചിട്ടില്ല. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും ,സ്ഥാപനം ഓഡിറ്റിന് ലഭ്യമാക്കാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

ഓഡിറ്റ് നടത്തിയതിന്റെ വിവരം

-----------------------------------------------------------------------------------------

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ : ശ്രീ.സതീഷ് മാവേലി . പുത്തൻവീട് , (ഡെപ്യൂട്ടി ഡയറക്ടർ)

-----------------------------------------------------------------------------------------

ഓഡിറ്റിന് വിനിയോഗിച്ച സമയം : 01.07.2020 മുതൽ 10.07.2020 വരെ

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ

| | |
|---|---|
| ശ്രീ. സുരേഷ് . പി | ഓഡിറ്റ് ഓഫീസർ(ഹ.ഗ്രേ) |
| ശ്രീ.അബ്ദുൾ സത്താർ. സി.പി | ഓഡിറ്റ് ഓഫീസർ |
| ശ്രീ.മുഹമ്മദ് സിയാദ്.പി.പി | സീ.ഗ്രേഡ് ഓഡിറ്റർ |
| ശ്രീ. അലി കുന്നൻ | ഓഡിറ്റർ |
| ശ്രീ. ഇദ്രീസ് അബ്ദുള്ള | ഓഡിറ്റർ |

നിർവഹണാധികാരികൾ

പ്രസിഡന്റ്

| | |
|---|---|
| ശ്രീ. സി പി ഷാജി | 01.04.2018 മുതൽ 31.03.2019 വരെ |

നിർവ്വഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| സെക്രട്ടറി | ശ്രീ.പ്രേമാനന്ദൻ . കെ | 01.04.2018 മുതൽ 31.03.2019 വരെ |
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീ. പ്രഭാകരൻ കുറിഞ്ഞിക്കാട്ടിൽ | 01.04.2018 മുതൽ 31.03.2019 വരെ |
| അസിസ്റ്റന്റ് എഞ്ചിനിയർ | ശ്രീമതി.പ്രീതി സി.ഡി | 01.04.2018 മുതൽ 12.07.2018 വരെ |
| | ഒഴിവ് | 13.07.2018 മുതൽ 16.07.2018 വരെ |
| | ശ്രീ. നന്ദു എസ് പ്രസാദ് | 17.07.2018 മുതൽ 08.02.2019 വരെ |
| | ഒഴിവ് | 09.02.2019 മുതൽ 11.02.2019 വരെ |
| | ശ്രീ. നിഖിൽ | 12.02.2019 മുതൽ 13.03.2019 വരെ |
| | ശ്രീമതി. ശുഭ . പി | 14.03.2019 മുതൽ 31.03.2019 വരെ |
| വെറ്ററിനറി സർജൻ | ഡോ. വിബിൻ വി | 01.04.2018 മുതൽ 31.03.2019 വരെ |
| മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | ഡോ.മുഹമ്മദ് അൻവർ പി | 01.04.2018 മുതൽ 31.03.2019 വരെ |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | ഡോ. നവാസ് പി | 01.04.2018 മുതൽ 31.03.2019 വരെ |
| മെഡിക്കൽ ഓഫീസർ (ആയുർവേദം) | ഡോ. വന്ദന ബി.ജെ | 01.04.2018 മുതൽ 31.03.2019 വരെ |
| ഹെഡ് മിസ്ട്രസ്സ് | ശ്രീമതി. തിത്തു എ | 01.04.2018 മുതൽ 31.03.2019 വരെ |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി. നഷീദ കെ | 01.04.2018 മുതൽ 31.03.2019 വരെ |
| കൃഷി ഓഫീസർ | ശ്രീ. പ്രകാശൻ പുത്തൻമഠത്തിൽ | 01.04.2018 മുതൽ 30.07.2018 വരെ |
| | ശ്രീമതി. മുസ്ഥിറ മുഹമ്മദ് | 31.07.2018 മുതൽ 12.08.2018 വരെ |
| | ശ്രീമതി. ഷഹനില പി.പി | 13.08.2018 മുതൽ 31.03.2019 വരെ |
| വി.ഇ.ഒ | ശ്രീ. വിമൽ കുമാർ | 01.04.2018 മുതൽ 31.03.2019 വരെ |

<u>ഉള്ളടക്കം</u>


| ക്രമ നമ്പർ | വിഷയം | ഖണ്ഡിക നമ്പർ |
|---|---|---|
| | ഭാഗം I പൊതു അവലോകനം | |
| 1 | ബജറ്റ് | 1-1 |
| | | |

| | | |
|---|---|---|
| 2 | വാർഷിക ധനകാര്യ പത്രിക | 1-2 |
| 3 | സാമ്പത്തിക വിശകലനം (R&Pപ്രകാരം) | 1-3 |
| 4 | ഫണ്ട് വിനിയോഗം (ACR പ്രകാരം) | 1-4 |
| 5 | പദ്ധതി അവലോകനം. | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 7 | ക്ഷേമപദ്ധതികൾ | 1-7 |
| 8 | ക്യാഷ് വെരിഫിക്കേഷൻ | 1-8 |
| 9 | ആഭ്യന്തരനിയന്ത്രണം | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 11 | വാർഷികകണക്കുകളിലെ അപാകതകൾ | 1-11 |
| 12 | രശീതികൾക്ക് സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കുന്നില്ല. | 1-12 |
| 13 | സ്വകാര്യആശുപത്രികളുടേയും പാരാമെിക്കൽ സ്ഥാപനങ്ങളുടേയും രജിസ്ട്രേഷൻ | 1-13 |
| 14 | കെട്ടിട നിർമ്മാണ പെർറ്റ് അപാകത | 1-14 |
| 15 | കെട്ടിടങ്ങളുടെ വിനിയോഗ തരത്തിന് അനുസൃതമായി നികുതി പുനർ നിർണ്ണയിക്കേണ്ടതാണ് | 1-15 |
| 16 | ഇ-ടെണ്ടർ ഫോറം വില ഗ്രാമപഞ്ചാത്തിന് ലഭ്യമായിട്ടില്ല | 1-16 |
| 17 | നിർമ്മാണ തൊഴിലാളി ക്ഷേമ നിധി വിഹിതം അടവാക്കൽ- കളക്ഷൻ ചാർജ് ഈടാക്കിയിട്ടില്ല. | 1-17 |
| 18 | മരാമത്ത് നിർവ്വഹണത്തിൽ കാണുന്ന അപാകതകൾ | 1-18 |
| 19 | പ്രൊജക്ട് ലക്ഷ്യം കാണാതെ നിഷ്ക്രിയ ആസ്തികളായി മാറുന്നു | 1-19 |
| 20 | ആരോഗ്യജാഗ്രത-രേഖകൾ ലഭ്യമാക്കിയില്ല | 1-20 |
| 21 | വൗച്ചറുകളുടെ കൂടെ അനുബന്ധ രേഖകൾ ലഭ്യമല്ല | 1-21 |
| 22 | തൊഴിൽ നികുതി -അപാകതകൾ . | 1-22 |
| 23 | മരുന്ന് വാങ്ങൽ - മുഴുവൻ മരുന്നുകൾ ലഭ്യമായില്ല. | 1-23 |
| ഭാഗം II വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | | |
| 24 | ഇല്ല | |
| ഭാഗം III ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | | |
| 25 | ഇല്ല | 3-1 |
| ഭാഗം IV പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | | |
| 26 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 27 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 28 | നിക്ഷേപ പ്രവർത്തികൾക്ക്(Deposit Work) നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 29 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-4 |
| 30 | വായ്പ/ വായ്പ തിരിച്ചടവ് | 4-5 |
| 31 | സ്ഥിര നിക്ഷേപങ്ങൾ | 4-6 |
| 32 | ഓഡിറ്റ് റിക്കവറി | 4-7 |

| | | |
|---|---|---|
| 33 | സമാഹൃതറിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. | 4-8 |
| 34 | ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം | 4-9 |
| 35 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 36 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| ഭാഗം V -അനുബന്ധങ്ങൾ | | |
| 37 | ഓഡിറ്റ് സാക്ഷ്യപത്രം | അനുബന്ധം-1 |
| 38 | ഓഡിറ്റ് സംക്ഷിപ്തം | അനുബന്ധം-2 |


# ഭാഗം -1
# ഓഡിറ്റ് റിപ്പോർട്ട്

## 1-1 ബജറ്റ്

| 2018-19ലെ ബജറ്റ് പാസ്സാക്കിയ തീരുമാന നമ്പർ./തിയ്യതി | ( പുതുക്കിയത്) തീരുമാന നമ്പർ./തിയ്യതി |
|---|---|
| 1/ 26.03.2018 | ഇല്ല |

## 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2019 | 04.05.2019 | - | - |

## 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 8546998 |
| വരവ് | 82476282 |
| ആകെ | 91023280 |
| ചെലവ് | 79755594 |
| നീക്കിയിരിപ്പ് | 11267686 |

## 1-4 ഫണ്ട് വിനിയോഗം (എ).സി.ആർ. പ്രകാരം)

| ഫണ്ടിനം | മുൻ ബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | ബാക്കി |
|---|---|---|---|---|---|
| വികസനഫണ്ട് (ജനറൽ) | 0 | 19224000 | 19224000 | 19224000 | 0 |
| വികസനഫണ്ട് (എസ്.സി.പി) | 0 | 2741000 | 2741000 | 2741000 | 0 |
| വികസനഫണ്ട് (ടി.എസ്.പി) | 0 | 162000 | 162000 | 0 | 162000 |
| സംരക്ഷണഗ്രാന്റ് (നോൺ റോഡ്) | 0 | 4021000 | 4021000 | 3103833 | 917167 |
| സംരക്ഷണഗ്രാന്റ് (റോഡ്) | 0 | 9682000 | 9682000 | 4103918 | 5578082 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 8922000 | 8922000 | 8137342 | 784658 |
| ബി ഫണ്ട് | 0 | | | | |
| എം.ജി.എൻ.ആർ.ഇ.ജി.എസ് | 39021 | 12443818 | 12482839 | 12476043 | 6796 |
| ദുരിതാശ്വാസ നിധി | 1000 | 33 | 1033 | 0 | 1033 |
| ബി ഫണ്ട് | 0 | 326348 | 326348 | 326348 | 0 |
| തനത് ഫണ്ട്-ബാങ്ക് | 5601509 | 13737262 | 19338771 | 10423811 | 8914960 |
| തനത് ഫണ്ട്-ട്രഷറി | 836729 | 30345511 | 31182240 | 31168518 | 13722 |
| എസ്.ബി.എെ ഓൺലൈൻ | 58649 | 186347 | 244996 | 0 | 244996 |
| എസ്.എസ്.എ | 397851 | 14109 | 411960 | 0 | 411960 |
| കംമ്പ്യൂട്ടർ സെന്റെർ | 486414 | 762889 | 1249303 | 655963 | 593340 |
| സാക്ഷരത | 70195 | 140167 | 210362 | 165352 | 45010 |
| എസ്.ബി.എെ സാന്റ് | 124931 | 4430 | 129361 | 0 | 129361 |
| ബഡ്സ് സ്കൂൾ | 451976 | 379764 | 831740 | 371593 | 460147 |
| ബിൽ സിസ്റ്റം | 83562 | 2789 | 86351 | 86351 | 0 |
| കോഡൂർ കോ-ഓപ്പറേറ്റീവ് ബാങ്ക് | 392984 | 15877 | 408861 | 0 | 408861 |

# 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 207 | 82331555 | 149 | 62412042 | 19 | 39 | 72 |

<u>പാതിവഴിൽ ഉപേക്ഷിച്ച് പാഴ് ചെലവായ പദ്ധതികൾ</u>

ഇല്ല

# 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 39021 | 512020 | 551041 | 544245 | 6796 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 11925002 | 11925002 | 11925002 | 0 |

| | | | | | |
|---|---|---|---|---|---|
| ആകെ | 39021 | 12437022 | 12476043 | 12469247 | 6796 |

## 1-7 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഇനം | ചെലവഴിച്ച തുക | ഗുണഭോക്താക്കൾ (എണ്ണം) |
|---|---|---|
| തൊഴിൽരഹിത വേതനം | 48480 | 42 |
| കർഷകതൊഴിലാളി പെൻഷൻ | 2261600 | 163 |
| വിധവാപെൻഷൻ | 13821400 | 1116 |
| വാർദ്ധക്യകാല പെൻഷൻ | 24727600 | 1821 |
| ഭിന്നശേഷി പെൻഷൻ | 5664600 | 452 |
| 50 വയസ്സിനു മുകളിലുള്ള അവിവാഹിതകൾക്കുള്ള പെൻഷൻ | 324000 | 28 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം | 270000 | 9 |

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 01.07.2020 ന് 10.30 am ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. അതാതു ദിവസം തന്നെ പണം ബാങ്കിൽ അടവാക്കുന്നതിനാൽ നീക്കിയിരിപ്പ് ഇല്ല.

## 1-9 ആഭ്യന്തര നിയന്ത്രണം

1. മാസ്റ്റർ ഇൻക്യുബൻസി രജിസ്റ്റർ, സ്റ്റോക്ക് രജിസ്റ്റർ(കംമ്പ്യൂട്ടർ സെന്റർ) എന്നിവ കാലികമാക്കി സൂക്ഷിക്കുന്നില്ല.
2. ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല
3.ഓഡിറ്റ് വർഷം മരാമത്ത് പ്രവർത്തികളുമായി ബന്ധപ്പെട്ട് തയ്യാറാക്കിയ പ്രൊജക്ടുകൾ പൂർണ്ണമായും നടപ്പാക്കുന്നതിന് സാധിച്ചിട്ടില്ല. കൂടാതെ അവയുടെ മോണിറ്ററിങ്ങ് പൂർത്തീകരണം എന്നിവ സംബന്ധിച്ച സമയപരിധി പാലിക്കുന്നതിനും സാധിച്ചിട്ടില്ല.
4.സമയ ബന്ധിതമായി ഓഫീസ് തല മീറ്റിങ് ചേരുന്നതിനും ജോലി വിഭജനം നടത്തുന്നതിനും പുരോഗതി വിലയിരുത്തുന്നതിനും സാധിച്ചിട്ടില്ല.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 07.01.2020 | ജൂൺ/ 2020 | 07.01.2020 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 30.08.2017 | 2012-13 മുതൽ 2016-17 | 23.10.2017 |

## 1-11 വാർഷികകണക്കുകളിലെ അപാകതകൾ

1. വാർഷികക്കണക്കിനൊപ്പം, മുൻവർഷത്തെ അപാകതകൾ പരിഹരിച്ചത് സംബന്ധിച്ച കുറിപ്പുകൾ ഉൾപ്പെടുത്തിയിട്ടില്ല.
2. സ്ഥാപനങ്ങളുടെ തൊഴിൽ നികുതി രജിസ്റ്റർ പ്രകാരം അരിയർ ഡിമാന്റ് ,ആയി 2500 രൂപ കാണുന്നു.എന്നാൽ 17-18 വർഷത്തെ ബാലൻസ് ഷീറ്റ് B-15 പ്രകാരം ബാലൻസ് ഇല്ല.

3. 2017-18 വാർഷിക കണക്കിലെ ബാലൻസ് ഷീറ്റ് ബി-15 പ്രകാരം വസ്തു നികുതി കുടിശ്ശികയിനത്തിൽ 49516 രൂപ യും തൻ വർഷം 26666രൂപ യും അടക്കം ആകെ 76182പിരിച്ചെടുക്കാനുണ്ട്. എന്നാൽ സഞ്ചയ പ്രകാരം പിരിച്ചെടുക്കാൻ അവശേഷിക്കുന്ന കുടിശ്ശിക ഡിമാന്റ് തുക ആകെ 4711609(131839+4579770)രൂപ എന്ന് കാണുന്നു.

4. 2018-19 വാർഷിക കണക്കിൽ RP 43 പ്രകാരം വസ്തു നികുതി തൻ വർഷ കളക്ഷൻ 4173761 (2117274+2056487) ആണ്. എന്നാൽ സഞ്ചയ പ്രകാരം ആയത് 4396905 ആണ്.

5. 2018-19 വാർഷിക കണക്കിൽ RP 43 പ്രകാരം വസ്തു നികുതി കുടിശ്ശികയിനത്തിൽ ആകെ 66333 ( 22791+43542) രൂപ വരവുണ്ട്. എന്നാൽ സഞ്ചയ പ്രകാരം ആയത് 69729 ആണ്.

6. ബാങ്ക് ബുക്ക്,റീക്കൺസിലിയേഷൻ പത്രിക എന്നിവ സാക്ഷ്യപ്പെടുത്തിയിട്ടില്ല.
മേൽ അപാകതകൾ പരിഹരിക്കേണ്ടതാണ്.

# 1-12 രശീതികൾക്ക് സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

ഗ്രാമ പഞ്ചായത്തിന്റെ ഉടമസ്ഥതയിൽ സി ഡിറ്റിന്റെ അംഗീകാരത്തോടെ 2000 ജനവരി മുതൽ പ്രവർത്തിച്ചു വരുന്ന കമ്പ്യൂട്ടർ പരിശീലന കേന്ദ്രത്തിലേയും , അക്ഷയ കേന്ദ്രത്തിലേയും സേവനങ്ങൾക്ക് ഫീസിനത്തിൽ ഈടാക്കുന്ന തുക എല്ലാ ദിവസങ്ങളിലും ഫ്രണ്ട് ഓഫീസിൽ അടവാക്കുകയും ആയത് കളക്ഷൻ രജിസ്റ്ററിൽ രേഖപ്പെടുത്തുകയും ചെയ്യുന്നുണ്ട്. എന്നാൽ ഫീസ് ഈടാക്കുന്നതിന് കംമ്പ്യൂട്ടർ സെന്ററിന് രശീതി ബുക്കുകൾ അനുവദിക്കുമ്പോൾ ആയതിന് പഞ്ചായത്തിൽ സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കുന്നില്ല. ഇത്തരത്തിൽ അനുവദിച്ച രശീതികളുടെ എണ്ണം, ബാലൻസ് എന്നീ കണക്കുകൾ സൂക്ഷിക്കാത്തതിനാൽ , ഈയിനത്തിലുള്ള വരവിന്റെ കൃത്യത പരിശോധിക്കാൻ സാധിക്കുന്നില്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി (1/08.07.2020)ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ഇഷ്യു ചെയ്ത മുഴുവൻ രശീതി ബുക്കുകളിലെയും ഫീസ്, തുക പഞ്ചായത്ത് ഫണ്ടിൽ ഒടുക്ക് വരുത്തി വിശദമായ റിപ്പോർട്ട് ഓഡിറ്റ് റിപ്പോർട്ടിനുള്ള പ്രഥമ മറുപടിയിൽ ഉൾപ്പെടുത്തേണ്ടതും സ്റ്റോക്ക് രജിസ്റ്റർ കുറ്റമറ്റ രീതിയിൽ തയ്യാറാക്കേണ്ടതുമാണ്.

# 1-13 സ്വകാര്യആശുപത്രികളുടേയും പാരാമെിക്കൽ സ്ഥാപനങ്ങളുടേയും രജിസ്ട്രേഷൻ

1997 ലെ കേരള പഞ്ചായത്ത് രാജ് (സ്വകാര്യ ആശുപത്രികളുടേയും സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങളുടേയും രജിസ്ട്രേഷൻ) ചട്ടങ്ങൾ ചട്ടം 3 പ്രകാരം ഒരു സ്വകാര്യ ആശുപത്രിയോ സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനമോ ഗ്രാമ പഞ്ചായത്തിൽ രജിസ്റ്റർ ചെയ്യുന്നതിനുള്ള അപേക്ഷ , ഫോറം 1ൽ സ്ഥാപനം ആരംഭിക്കുന്നതിന് 15 ദിവസത്തിൽ കുറയാത്ത കാലയളവിനുമുമ്പായി 200 രൂപ രജിസ്ട്രേഷൻ ഫീസ് സഹിതം സെക്രട്ടറിക്ക് സമർപ്പിക്കേണ്ടതാണ്. ചട്ടം 5 പ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ള സ്ഥാപനത്തിന്റെ രജിസ്ട്രേഷൻ അടുത്ത സാമ്പത്തിക വർഷം ആരംഭിക്കുന്നതിന് മുമ്പായി പുതുക്കേണ്ടതും അപ്രകാരം പുതുക്കുന്നതിനുള്ള അപേക്ഷ ഫോറം 5 ൽ 50 രൂപ ഫീസ് സഹിതം സെക്രട്ടറിക്ക് നൽകേണ്ടതുമാണ്. 2017-18 സാമ്പത്തിക വർഷത്തിലെ ലൈസൻസ് രജിസ്റ്റർ അനുസരിച്ച് ഗ്രാമ പഞ്ചായത്തിൽ താഴെപ്പറയുന്ന 5 പാരാമെഡിക്കൽ സ്ഥാപനങ്ങൾക്ക് ലൈസൻസ് അനുവദിച്ചിട്ടുണ്ട്.

| ക്രമ നമ്പർ | സ്ഥാപനം |
|---|---|
| 1 | ശിബിലി ഹോമിയോപ്പതിക് സെന്റർ |
| 2 | +Ve ഹോമിയോ ക്ലിനിക് |
| 3 | ഓറിസ് പോളി ക്ലിനിക് & ലബോറട്ടറി |
| 4 | റോയൽ ഡെന്റൽ കെയർ |
| 5 | ഷിഫ ഹോമിയോ ക്ലിനിക് |

2018-19 ലെ ലൈസൻസ് രജിസ്റ്റർ, ട്രേഡേഴ്സ് ലിസ്റ്റ്, എന്നിവ പരിശോധിച്ചതിൽ താഴെ പറയുന്ന 5 പാരാമെഡിക്കൽ സ്ഥാപനങ്ങൾ ലൈസൻസ് നേടിയിട്ടുണ്ട്.

| കെട്ടിട നമ്പർ | സ്ഥാപനം |
|---|---|
| I /40 | സഹീദ ഹോമിയോപതി ക്ലിനിക്ക് |
| III /625 D | കെൻസ് ഹോമിയോപതി ക്ലിനിക്ക് |
| XVII /50F | പി.കെ.എം ഡെൻന്റെൽ ക്ലിനിക്ക് |
| VII /341 | റോയൽ ഡെൻന്റെൽ ക്ലിനിക്ക് |

എന്നാൽ ഈ സ്ഥാപനങ്ങൾ ഒന്നും തന്നെ പാരാമെഡിക്കൽ രജിസ്ട്രേഷൻ നടത്തിയതിന്റെ രേഖകൾ പഞ്ചായത്തിൽ ലഭ്യമല്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി (2 /08.07.2020)ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല . ഗ്രാമ പഞ്ചായത്തിൽ പ്രവർത്തിക്കുന്ന മുഴുവൻ പാരാമെഡിക്കൽ സ്ഥാപനങ്ങളും യഥാസമയം ഗ്രാമ പഞ്ചായത്തിൽ രജിസ്റ്റർ ചെയ്യുകയോ രജിസ്ട്രേഷൻ പുതുക്കുകയോ ചെയ്തിട്ടുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതും അല്ലാത്ത സ്ഥാപനങ്ങൾക്കെതിരെ ചട്ട പ്രകാരമുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്

# 1-14 കെട്ടിട നിർമ്മാണ പെർറ്റ് അപാകത

2011 ലെ കേരള കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം-103 പ്രകാരം A1 ഗണങ്ങളിൽ ഉൾപ്പെടുന്ന 400 ച. മീറ്ററിൽ കൂടുതൽ നിർമ്മിതി വിസ്തീർണം ഉള്ള ഏക കുടുംബ പാർപ്പിടങ്ങൾക്ക് സൗരോർജ ജലതാപന സംവിധാനം ഉണ്ടായിരിക്കേണ്ടതാണ്. എന്നാൽ താഴെ പറയുന്ന പെർമിറ്റുകളിലെ പ്ലാൻ പരിശോധിച്ചതിൽ ഈ സംവിധാനം ഉൾപ്പെടുത്തി കാണുന്നില്ല.

| പെർമിറ്റ് നമ്പർ | ഉടമസ്ഥന്റെ പേര് | വിസ്തീർണം |
|---|---|---|
| A2-BA(25390)/2019 | മുഹമ്മദ് റാഫി പണ്ടാര അറക്കൽ | 427.38 ച.മീറ്റർ |
| A2-BA(285561)/2018 | അബ്ദുൾ കബീർ പറക്കോടൻ | 496.28 ച.മീറ്റർ |

പ്രസ്തുത ചട്ടത്തിലെ ഉപ ചട്ടം 4 പ്രകാരം സെക്രട്ടറി , ഒക്യുപൻസി സർഫിക്കറ്റ് നൽകുന്നതിന് മുമ്പ് കെട്ടിടത്തിന് സൗരോർജ ജലതാപന സംവിധാനം സ്ഥാപിച്ചിട്ടുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതാണ്. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി (3/08.07.2020)ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. സൗരോർജ്ജം ജലതാപന സംവിധാനം പ്ലാനിൽ ഉൾപ്പെടുത്താതെ പെർമിറ്റ് അനുവദിച്ചത് എപ്രകാരമെന്ന് വിശദീകരിക്കേണ്ടതാണ്.

# 1-15 കെട്ടിടങ്ങളുടെ വിനിയോഗ തരത്തിന് അനുസൃതമായി നികുതി പുനർ നിർണ്ണയിക്കേണ്ടതാണ്

ഗ്രാമ പഞ്ചായത്ത് വിവിധ വിനിയോഗ തരത്തിലുള്ള കെട്ടിടങ്ങൾക്ക് നിശ്ചയിച്ചിരിക്കുന്ന വസ്തു നികുതി നിരക്ക് താഴെ ചേർക്കുന്നു.

| വിനിയോഗ തരം | നികുതി നിരക്ക് (രൂപ/ച. മീറ്റർ) |
|---|---|
| 100 ച. മീറ്റർ വരെയുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടം | 30 |
| വ്യവസായ ആവശ്യത്തിനുള്ള – കൈത്തറി ഷെഡ്, കയർ പിരി ഷെഡ് | 10 |
| ഇതര വ്യവസായങ്ങൾക്കാവശ്യമുള്ളവ | 40 |

സഞ്ചയ പ്രകാരം 3/177, 7/697, 2/522 കെട്ടിടങ്ങൾ 100 ച. മീറ്റർ വരെയുള്ള വാണിജ്യാവശ്യത്തിനുള്ളവ , വ്യവസായ ആവശ്യത്തിനുള്ള – കൈത്തറി ഷെഡ്, കയർ പിരി ഷെഡ് വിനിയോഗ തരത്തിൽ പെടുന്നവയാണ്. എന്നാൽ 2018-19 സാമ്പത്തിക വർഷത്തിലെ ഫാക്ടറികൾക്കും, വ്യാപാരങ്ങൾക്കും സംരംഭ പ്രവർത്തനങ്ങൾക്കും മറ്റ്

സേവനങ്ങൾക്കും ലൈസൻസ് നൽകൽ രജിസ്റ്റർ പരിശോധിച്ചത് പ്രകാരം പ്രസ്തുത കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ വിവരം താഴെ ചേർക്കുന്നു.

| കെട്ടിട നമ്പർ | ലൈസൻസ് ഉടമയുടെ വിവരങ്ങൾ | സ്ഥാപനം |
|---|---|---|
| 3/177 | ശ്രീമതി അജിത ബാനു. പി ആഷിയാന ഈസ്റ്റ് കോഡൂർ | HDPE,LDPE പൈപ്പ് നിർമ്മാണം (ആഷിയാന എക്സ്ട്രൂഡർ പ്രൊഡക്സ് ) |
| 7/697 | ശ്രീ. അഹമ്മദ്.പി പാറമ്മൽ | HDPE,LDPE പൈപ്പ് നിർമ്മാണം (ആഷിയാന എക്സ്ട്രൂഡർ പ്രൊഡക്സ് ) |
| 2/522 | ശ്രീ. മുഹമ്മദ് ഷരീഫ് കൊളക്കാടൻ | ബെൻസ് ടയേർസ് പഞ്ചർ & റീ സോളിംങ് |

വിനിയോഗ തരം നിശ്ചയിച്ചതിൽ അപാകതകൾ സംഭവിച്ചിട്ടുണ്ടെങ്കിൽ ആയത് പരിശോധിച്ച് വസ്തു നികുതി പുനർ നിർണ്ണയം നടത്തേണ്ടതാണ്. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി (4/08.07.2020)ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-16 ഇ-ടെണ്ടർ ഫോറം വില ഗ്രാമപഞ്ചാത്തിന് തിരികെ ലഭ്യമായിട്ടില്ല

ജി.ഒ. (എം.എസ്) നമ്പർ 318/2013/LSGD/28-09-2013 പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ 5 ലക്ഷം രൂപയോ അതിന് മുകളിലോ അടങ്കലുള്ള പ്രവൃത്തികൾക്ക് ഇ-ടെണ്ടർ സംവിധാനം നടപ്പിലാക്കുകയും ഇത്തരം പ്രവൃത്തികളുടെ ഓൺലൈൻ ഇടപാട് വഴിയുള്ള ടെണ്ടർ ഫീ സ്വീകരിക്കുന്നതിനായി പുതിയ സീറോ ബാലൻസ് അക്കൗണ്ട് തുടങ്ങുന്നതിനും ഉത്തരവായിട്ടുള്ളതാണ്. മുകളിലെ ഉത്തരവ് പ്രകാരം ഗ്രാമപഞ്ചായത്തുകൾ നടപ്പിലാക്കുന്ന പ്രവൃത്തികളുടെ ടെണ്ടർ ഫോറം വില ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിലാണ് ടെണ്ടർ നടപടികളുടെ ഭാഗമായി ക്രെഡിറ്റ് ചെയ്യുന്നത്. ഇപ്രകാരം ഗ്രാമപഞ്ചായത്ത് ഇ-ടെണ്ടർ ചെയ്ത മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫോറം വില ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിൽ ക്രഡിറ്റ് ചെയ്തത് ഗ്രാമപഞ്ചാത്തിന് തിരികെ ലഭ്യമായിട്ടില്ല. 2018-19 വർഷത്തിൽ ഇ- ടെണ്ടർ ചെയ്ത് നൽകിയ പ്രൊജക്ട്കളുടെ വിവരം ചുവടെ കൊടുക്കുന്നു.

| ക്രമ നം | പ്രൊജക്ട് | പ്രൊജക്ട് നമ്പർ |
|---|---|---|
| 1 | വടക്കേമണ്ണ GLPS ലൈബ്രറി ശാക്തീകരണം | 55/19 |
| 2 | പൈങ്ങാരപ്പടി പാലം നിർമാണം | 95/19 |
| 3 | വട്ടപ്പറമ്പ് ആൽപറ്റക്കുളമ്പ് റോഡ് പുനരുദ്ധാരണം | 116/19 |
| 4 | GMUPS ചെമ്മങ്കടവിൽ വിമൻ ഫ്രന്റ്ലി ടോയ്‌ലെറ്റ് | 192/19 |

മേൽ പ്രൊജക്ടുകളുടെ തുകയും 2015-16 വർഷം മുതൽ 2017-18 വരെ ഇ- ടെണ്ടർ നടപടികളിലൂടെ ടെണ്ടർ ഫീ ഇനത്തിൽ ലഭിക്കാനുള്ള തുകയും ഗ്രാമ പഞ്ചായത്ത് ഫണ്ടിലേക്ക് ക്രഡിറ്റ് ചെയ്ത് വിവരം അറിയിക്കേണ്ടതാണ്.

ഇക്കാര്യം ഓഡിറ്റ് എൻക്വയറി നം.12/ 10-7-2020 പ്രകാരം ശ്രദ്ധയിൽ പെടുത്തുകയും എക്സിറ്റ് മീറ്റിങ്ങിൽ വിശദീകരിക്കുകയും ചെയ്തിട്ടുണ്ട്. തുക ഗ്രാമപഞ്ചായത്ത് അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്ത് വിവരം അറിയിക്കേണ്ടതാണ്.

## 1-17 നിർമ്മാണ തൊഴിലാളി ക്ഷേമ നിധി വിഹിതം അടവാക്കൽ- കളക്ഷൻ ചാർജ് ഈടാക്കിയിട്ടില്ല.

1996 ലെ ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വെൽഫെയർ സെസ്സ് നിയമം വകുപ്പ് 3(3) പ്രകാരം പ്രവൃത്തികളുടെ ആകെ മൂല്യത്തിന്റെ ഒരു ശതമാനം ബന്ധപ്പെട്ട വർക്ക് ബില്ലിൽ നിന്നും വസൂലാക്കി വർക്കേഴ്സ് വെൽഫെയർ ഫണ്ട് ബോർഡിൽ ഒടുക്കേണ്ടതാണ്. ഇപ്രകാരം വസൂലാക്കി നൽകുന്ന തുകയുടെ ഒരു ശതമാനം ഇതിന്റെ കളക്ഷൻ ചാർജ് ഇനത്തിൽ അതാത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ഈടാക്കാവുന്നതുമാണ്. ഓഡിറ്റ് വർഷത്തിൽ വിവിധ മരാമത്ത് പ്രവൃത്തികളുടെ ബില്ലുകളിൽ നിന്നും കുറവ് ചെയ്ത് നിർമ്മാണ തൊഴിലാളി ക്ഷേമ നിധി വിഹിതമിനത്തിൽ അടവാക്കിയിട്ടുള്ള തുകയിൽ നിന്നും മേൽ പരാമർശിച്ച പ്രകാരമുള്ള 1% കളക്ഷൻ ചാർജായി ഈടാക്കിയിട്ടില്ല.

ഇക്കാര്യം ഓഡിറ്റ് എൻക്വയറി നം.11/ 10-7-2020 പ്രകാരം ശ്രദ്ധയിൽ പെടുത്തുകയും എക്സിറ്റ് മീറ്റിങ്ങിൽ വിശദീകരിക്കുകയും ചെയ്തിട്ടുണ്ട്. അപാകതകൾ തുടർന്ന് പരിഹരിച്ചതിന്റെ രേഖകൾ ലഭ്യമാക്കേണ്ടതാണ്.

## 1-18 മരാമത്ത് നിർവ്വഹണത്തിൽ കാണുന്ന അപാകതകൾ

1) തയ്യാറാക്കിയ മുഴുവൻ പ്രോജക്ടുകളും നടപ്പിലാക്കുന്നില്ല.

2018-19 വർഷം ഗ്രാമ പഞ്ചായത്തിൽ അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി ആകെ 133 പദ്ധതികൾ തയ്യാറാക്കിയെങ്കിലും 92 പ്രോജക്ടുകൾ മാത്രമാണ് നടപ്പിലാക്കിയിട്ടുള്ളത്.

| | | | |
|---|---|---|---|
| ആകെ പദ്ധതി | 133 | ആകെ അടങ്കൽ | 3,81,05,808 |
| നടപ്പിലാക്കിയത് | 92 | ചെലവ് | 2,40,39,270 |
| ശതമാനം | 69.17% | ചെലവ് ശതമാനം | 63.09% |
| പൂർത്തീകരിക്കാത്തത് | 41 | ലാപ്സായ തുക | 1,40,66,538 |
| ശതമാനം | 30.83% | ശതമാനം | 36.91% |

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രൊജക്ടുകളിൽ 18 എണ്ണവും സ്പിൽ ഓവർ പ്രൊജക്ടുകളായിരുന്നു. എന്നാൽ അവയിൽ 3 പ്രൊജക്ടുകൾ ഈ വർഷവും നടപ്പിലാക്കിയിട്ടില്ല. സ്പിൽ ഓവർ പ്രൊജക്ടുകൾ സ്പിൽഓവർ ആയ അതേ വർഷം തന്നെ പൂർത്തിയാക്കണമെന്ന സർക്കാർ നിർദ്ദേശം പാലിക്കാൻ ഗ്രാമ പഞ്ചായത്തിന് കഴിഞ്ഞിട്ടില്ല.

2) എഞ്ചിനിയറുടെ പേരിലുള്ള ബാങ്ക്/ ട്രഷറി അക്കൗണ്ടുകളുടെ കണക്ക് ലഭ്യമല്ല.

കോഡൂർ ഗ്രാമ പഞ്ചാത്ത് അസിസ്റ്റന്റ് എഞ്ചിനിയറുടെ പേരിൽ താഴെപ്പറയുന്ന ബാങ്ക് അക്കൗണ്ടുകളുണ്ട്.

| ബാങ്ക്/ ട്രഷറി | അക്കൗണ്ട് നം. | നീക്കിയിരിപ്പ തുക | അവസാനഇടപാടു നടന്ന തിയ്യതി |
|---|---|---|---|
| കേരള ഗ്രാമീൺ ബാങ്ക്, മക്കരപ്പറമ്പ് | 40299100102054 | 2,04,142 | 2-2-2017 |
| സബ് ട്രഷറി, മക്കരപ്പറമ്പ് | 799011400002341 | 5,53,622 | 3-4-2017 |
| ആകെ നീക്കിയിരിപ്പ | | 7,57,764 | |

മുകളിൽ പരാമർശിച്ച അക്കൗണ്ടുകളിലെ വരവു ചെലവു കണക്കുകളുമായി ബന്ധപ്പെട്ട കാണിക്കുന്ന യാതൊരു രേഖയും പഞ്ചായത്തോ, എഞ്ചിനിയറോ സൂക്ഷിക്കുന്നില്ല. അതുകൊണ്ട് തന്നെ മേൽ അക്കൗണ്ടുകളിലെ നീക്കി ബാക്കി ഏതിനത്തിൽ ഉൾപ്പെടുത്തുന്നുവെന്നോ എന്താവശ്യത്തിന് മേൽ അക്കൗണ്ടുകൾ ആരംഭിച്ചുവെന്നോ വ്യക്തമല്ല. പഞ്ചായത്തിന്റെ വാർഷികകണക്കിലും മേൽ അക്കൗണ്ടുകൾ ഉൾപ്പെടുത്തിയിട്ടില്ല.

അക്കൗണ്ടുകളിലെ വരവു ചെലവു രേഖപ്പെടുത്തിയ കാഷ് ബുക്ക്/ലെഡ്ജർ ഓഡിറ്റിന് ലഭ്യമാക്കേണ്ടതും നീക്കി ബാക്കി തുക ഗ്രാമപഞ്ചായത്തിൽ അടവാക്കേണ്ടതാണ്.

<u>3) അളവു പുസ്തകങ്ങളുടെ നമ്പരിടുന്നതിലെ അപാകത</u>

പഞ്ചായത്തിലെ മരാമത്തു പ്രവൃത്തികൾക്കാവശ്യമായ അളവു പുസ്തകങ്ങൾ സെക്രട്ടറിയാണ് വാങ്ങുന്നതെങ്കിലും, അവയ്ക്ക് നമ്പരിടുന്നതും, ഇഷ്യൂ ചെയ്യുന്നതും സെക്രട്ടറിയല്ല. ഇതു മൂലം തൊഴിലുറപ്പു പദ്ധതിയിലും, മരാമത്തു പ്രൊജക്ടുകളിലും ഒരേ നമ്പരിലുള്ള അളവു പുസ്തകങ്ങൾ ഉപയോഗിച്ചതായി കാണുന്നു.

മരാമത്തു പ്രവൃത്തികൾക്കാവശ്യമായ അളവു പുസ്തകങ്ങൾ ഗ്രാമലക്ഷ്മി മുദ്രാലയത്തിൽ നിന്നും സെക്രട്ടറി വാങ്ങുകയും, നമ്പരിട്ട് സ്റ്റോക്കിലെടുക്കുകയും, ആവശ്യാനുസരണം ഇഷ്യൂ രേഖപ്പെടുത്തുകയും ചെയ്യേണ്ടതാണ്.

<u>4)റോഡ് കണക്റ്റിവിറ്റി മാപ്പും പ്ലാനും തയ്യാറാക്കിയില്ല.</u>

ഓരോ തദ്ദേശ ഭരണ സ്ഥാപനവും റോഡ് കണക്ടിവിറ്റി മാപ്പും റോഡ് കണക്ടിവിറ്റി പ്ലാനും നിർബന്ധമായും തയ്യാറാക്കിയിരിക്കണമെന്നും, ഏതൊരു റോഡ് നിർമ്മാണ പ്രൊജക്ടിനൊപ്പവും റോഡ് കണക്ടിവിറ്റി മാപ്പിൽ പ്രൊജക്ടിലൂടെ നടത്താനുദ്ദേശിക്കുന്ന പ്രവൃത്തി പ്രത്യേക നിറത്തിൽ അടയാളപ്പെടുത്തി സമർപ്പിക്കണമെന്നും പദ്ധതി മാർഗ്ഗരേഖകളിൽ പ്രത്യേകം പരാമർശിച്ചിട്ടുള്ളതാണ്. എന്നാൽ ഒരു പ്രവൃത്തിയിലും ഈ നിബന്ധനകൾ പാലിച്ചതായി കണ്ടില്ല.

റോഡ് കണക്ടിവിറ്റി മാപ്പും റോഡ് കണക്ടിവിറ്റി പ്ലാനും തയ്യാറാക്കുകയും, പ്രസ്തുത രേഖകളും സ്റ്റാറ്റസ് റിപ്പോർട്ടും അടിസ്ഥാനമാക്കി മുൻഗണനാ ക്രമത്തിൽ മാത്രം പ്രൊജക്ടുകൾ തയ്യാറാക്കാൻ സ്റ്റാന്റിങ്ങ് കമ്മിറ്റി നിർവ്വഹണ ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകേണ്ടതും ആയത് പ്രകാരമാണ് പദ്ധതികൾ രൂപീകരിക്കുന്നതെന്ന് ഉറപ്പ് വരുത്താൻ ഭരണ സമിതി/സ്റ്റാന്റിംഗ് കമ്മിറ്റി ശ്രദ്ധിക്കേണ്ടതുമാണ്.

<u>5)കെട്ടിട നിർമ്മാണ പ്രവൃത്തികളിൽ എല്ലാ ഘടകങ്ങളും ഉൾപ്പെടുത്തുന്നില്ല.</u>

സ.ഉ (കൈ) നം.11/2018തസ്വഭവ, തീ.29.01.2018-പദ്ധതി മാർഗ്ഗരേഖ പ്രകാരം കെട്ടിട നിർമ്മാണത്തിന്റെ ഭാഗമായ ഇലക്ട്രിഫിക്കേഷൻ, പ്ലംബിംഗ് എന്നിവ ആദ്യ എസ്റ്റിമേറ്റിൽ തന്നെ ഉൾപ്പെടുത്തണമെന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്ത് ഒരു കെട്ടിടത്തിന്റെ വിവിധ ഘടകങ്ങൾക്ക് പ്രത്യകം പ്രൊജക്ടുകൾ തയ്യാറാക്കുന്നതായാണ് കാണുന്നത്. ഉദാഹരണം:-

പ്രൊജകട് നം. 55/19 : വടക്കേമണ്ണ GLPS ലൈബ്രറി ശാക്തീകരണം

പ്രൊജകട് നം. 56/19 : വടക്കേമണ്ണ GLPS ക്ലാസ് റൂം പുനരുദ്ധാരണം

പ്രൊജകട് നം. 198/19 : വടക്കേമണ്ണ GLPS ക്ലാസ് റൂം പുനരുദ്ധാരണം രണ്ടാം ഘട്ടം
മേൽ ഉത്തരവിലെ നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.

<u>6) പ്രവൃത്തികളുടെ എസ്റ്റിമേറ്റിനോടൊപ്പം ഡ്രോയിംഗ് ഇല്ല</u>

പ്രവൃത്തികളുടെ എസ്റ്റിമേറ്റിനോടൊപ്പം വ്യക്തമായ ഡ്രോയിംഗ്, സൈറ്റ് പ്ലാൻ, ലൊക്കേഷൻ മാപ്പ് എന്നിവ ഉണ്ടായിരിക്കണമെന്ന് മരാമത്തു ചട്ടങ്ങളിലും കെട്ടിട നിർമാണ ചട്ടങ്ങളിലും പരാമർശിച്ചിട്ടുള്ളതാണ്. എന്നാൽ ഭൂരിഭാഗം പ്രവൃത്തികളും എലിവേഷൻ, സെക്ഷൻ എന്നിവയില്ലാത്ത അപൂർണമായ ഡ്രോയിംഗാണ് ഉൾപ്പെടുത്തിയിട്ടുള്ളത്.

<u>7) ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.</u>

പദ്ധതി രൂപീകരണ ഫോറങ്ങളിൽ ആസ്തികളുടെ റഫറൻസ് നമ്പർ ചേർക്കുന്നില്ല. പദ്ധതികൾ പൂർത്തീകരിച്ചാൽ ആസ്തി രജിസ്റ്ററിൽ ചേർത്ത് കാലികമാക്കണമെന്ന പദ്ധതി രൂപീകരണ മാർഗ്ഗരേഖയിലെ ( സ.ഉ. (കൈ) നം. 11/2018/ തസ്വഭവ തി.29-1-2018) ഖണ്ഡിക 11.4 (2) ലെ നിബന്ധനയും പാലിച്ചിട്ടില്ല.

ഹാജരാക്കിയ ആസ്തി രജിസ്റ്ററിൽ പൂർണമായ വിവരങ്ങളില്ല. തൻവർഷത്തെ വിവിധ പ്രൊജകടുകൾ പ്രകാരം വികസിപ്പിച്ച ആസ്തികളുടെ കാലികമായ വിവരവും ചേർത്തിട്ടില്ല.

8) ആസ്തി സംരക്ഷണ പദ്ധതി പ്രത്യേകം തയ്യാറാക്കിയിട്ടില്ല.

പദ്ധതി രൂപീകരണ മാർഗ്ഗരേഖയിലെ ( സ.ഉ. (കൈ) നം. 11/2018/ തസ്വഭവ തി.29-1-2018) ഖണ്ഡിക 6.7 പ്രകാരമുള്ള ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കിയിട്ടില്ല. വിവിധ കുഴൽ കിണറുകൾ റിപ്പയർ ചെയ്യാനുള്ള പ്രൊജകടു മാത്രമാണ് തയ്യാറാക്കിയിട്ടുള്ളത്.

9)മോണിറ്ററിംഗ്, പൂർത്തീകരണം എന്നിവ സംബന്ധിച്ച സർക്കാർ ഉത്തരവുകൾ പാലിച്ചില്ല.

പദ്ധതി രൂപീകരണ മാർഗ്ഗരേഖയിലെ ( സ.ഉ. (കൈ) നം. 11/2018/ തസ്വഭവ തി.29-1-2018) ഖണ്ഡിക 11.4(1) പ്രകാരമുള്ള പൂർത്തീകരണ പത്രം ഫയലിൽ സൂക്ഷിച്ചിട്ടില്ല. അതു പോലെ, പ്രവൃത്തി മൂലം പ്രയോജനം ലഭിക്കാനുള്ള ഗുണഭോക്തൃ സമിതികളുടെ മോണിറ്ററിംഗ് രേഖകളും ഫയലിൽ ലഭ്യമല്ല.

10) റോഡുകൾക്ക് തിരിച്ചറിയൽ കല്ലുകൾ സ്ഥാപിച്ചിട്ടില്ല.

GO(MS) 165/2010/ തസ്വഭവ. തി: 16-1-2010 പ്രകാരം ത്രിതല പഞ്ചായത്തുകളിൽ ഓരോന്നിന്റെയും കൈവശത്തിലുള്ള റോഡുകൾക്ക് പ്രത്യേകം നിറത്തിലുള്ള കിലോമീറ്റർ, ഹെക്ടോ മീറ്റർ തിരിച്ചറിയൽ കല്ലുകൾ സ്ഥാപിക്കണമെന്ന നിർദ്ദേശവും പാലിച്ചതായി കാണുന്നില്ല.

11) മെമ്മോറാണ്ടം ഓഫ് പെയ്മെന്റിൽ വിവരങ്ങൾ പൂർണമല്ല.

M Book. ബിൽ എന്നിവയിലെ മെമ്മോറാണ്ടം ഓഫ് പെയ്മെന്റ് എന്ന ഭാഗത്ത് വൗച്ചർ നം., ചെക്ക് നം., തിയ്യതി, തുടങ്ങിയ പല വിവരങ്ങളും ചേർക്കുന്നില്ല. ഒരേ പ്രവൃത്തിക്ക് വ്യത്യസ്ത ഇനം ഫണ്ടുകൾ വകയിരുത്തിയ പ്രവൃത്തികളുടെ ബില്ലുകളിൽ ഇത്തരം വിവരങ്ങൾ ചേർക്കാത്തതിനാൽ, തുക നൽകിയതിന്റെ കൃത്യത പരിശോധിക്കാനാവുന്നില്ല. വിവരങ്ങൾ പൂർണമായും ചേർക്കേണ്ടതാണ്.

അപാകതകൾ ഓഡിറ്റ് എൻക്വയറി നം.10/ 10-7-2020 പ്രകാരം ശ്രദ്ധയിൽ പെടുത്തുകയും എക്സിറ്റ് മീറ്റിങ്ങിൽ വിശദീകരിക്കുകയും ചെയ്തിട്ടുണ്ട്. അപാകതകൾ തുടർന്ന് പരിഹരിച്ചതിന്റെ രേഖകൾ ലഭ്യമാക്കേണ്ടതാണ്.

# 1-19 പ്രൊജക്ട് പ്രകാരം ഉണ്ടാക്കിയവ നിഷ്ക്രിയ ആസ്തികളായി

| പ്രൊജക്ടു നം. | പേര് | ചെലവു തുക |
|---|---|---|
| 145/19 | വടക്കേമണ്ണ പ്ലാസ്റ്റിക് ഷ്രെഡിംഗ്യൂണിറ്റ് പൂർത്തീകരണം | 3,98,853 |
| 170/19 | പ്ലാസ്റ്റിക് ഷ്രെഡിംഗ് യൂണിറ്റ് കെട്ടിട നിർമാണം | 10,09,291 |
| 169/19 | പെരിങ്ങോട്ടുപുലം പൂക്കാട് കിണർ നിർമാണം | 24,98,438 |
| | ആകെ | 39,06,582 |

മുകളിൽ പരാമർശിച്ച പ്രൊജക്ടുകൾ പ്രകാരം പ്ലാസ്റ്റിക് ഷ്രെഡിംഗ് യൂണിറ്റ് കെട്ടിടത്തിന്റെ നിർമാണം നടന്നുവെങ്കിലും ആയത് പ്രയോജനപ്പെടുത്തിയിട്ടില്ല. അതു പോലെ, വലിയ തുക ചെലവഴിച്ച്

കടലുണ്ടിപ്പുഴയിൽ നിർമിച്ച കുടിവെള്ള പദ്ധതിക്കുള്ള കിണറും പ്രയോജനപ്പെടുത്തിയിട്ടില്ല.

ഇക്കാര്യം ഓഡിറ്റ് എൻക്വയറി നം.13/ 10-7-2020 പ്രകാരം ശ്രദ്ധയിൽ പെടുത്തുകയും എക്സിറ്റ് മീറ്റിങ്ങിൽ വിശദീകരിക്കുകയും ചെയ്തിട്ടുണ്ട്.

ഇവ പ്രയോജനപ്പെടുത്തിയതിന്റെ വിവരം ലഭ്യമാക്കേണ്ടതാണ്.

## 1-20 ആരോഗ്യജാഗ്രത-രേഖകൾ ലഭ്യമാക്കിയില്ല

വൗച്ചർ നമ്പർ 191/1.6.2018

തുക 2,85,000

( ആരോഗ്യജാഗ്രത 2018)
നിർവ്വഹണ ഉദ്യോഗസ്ഥൻ-മെഡിക്കൽ ഓഫീസർ (പി.എച്ച്.സി )

ആരോഗ്യജാഗ്രത 2018 ന്റെ ഭാഗമായി സെക്രട്ടറിയുടെ മേൽ വൗച്ചർ നമ്പർ പ്രകാരം മെഡിക്കൽ ഓഫീസർ, പി എച്ച് സി കൈപറ്റിയ 2,85,000 രൂപ വിനിയോഗിച്ചതിന്റെ രേഖകൾ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. മെഡിക്കൽ ഓഫീസർ മേൽ തുക ശുചിത്വ മിഷൻ വാർഡ് അക്കൗണ്ടിലേക്ക് കൈമാറിയിട്ടുണ്ട് എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ചെലവാക്കിയതും ശേഷിക്കുന്നതുമായ തുകയുടെയും വിവരങ്ങളും, ചെലവ് വിശദാംശങ്ങൾ ഉൾപ്പെടെ തുക വിനിയോഗിച്ചതിന്റെ മുഴുവൻ രേഖകളും ഹാജരാക്കേണ്ടതാണ്. തുക വിനിയോഗിക്കാൻ ശേഷിക്കുന്ന പക്ഷം ആയത് തിരികെ അടവാക്കുകയോ തുടർ വർഷങ്ങളിൽ ക്രമീകരിക്കുകയോ ചെയ്യാൻ നടപടി സ്വീകരിക്കേണ്ടതാണ്. രേഖകൾ ഹാജരാക്കുന്നത് വരെ മേൽ ചെലവ് 285000/-രൂപ തടസത്തിൽ വെക്കുന്നു.(ഓഡിറ്റ് എൻക്വയറി നമ്പർ 5/8.7.2020)

## 1-21 വൗച്ചറുകളുടെ കൂടെ അനുബന്ധ രേഖകൾ ലഭ്യമല്ല

താഴെ കാണുന്ന വൗച്ചറുകളുടെ കൂടെ അനുബന്ധ രേഖകൾ സൂക്ഷിച്ചിട്ടില്ല. വിശദാംശം താഴെ പറയുന്നു.

| ക്രമ നമ്പർ | വൗച്ചർ/ബിൽ നമ്പർ/തിയ്യതി | തുക | ഇനം | റിമാർക്സ് |
|---|---|---|---|---|
| 1 | ബിൽ-08/18-19 തി.06.08.18 | 77623 | ഐ കെ എമ്മിന് വിഹിതം അടവാക്കിയത് (പ്രോജക്ട് 22/18-19) | വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല |
| 2 | 218/4.6.18 | 318574 | മലപ്പുറം ബ്ലോക്ക് പഞ്ചായത്തിലേക്ക് തുക തിരികെ അടവാക്കിയത് | സാംഖ്യ രസീതി ലഭ്യമാക്കിയില്ല. |
| 3 | 392/6.8.18 | 90700 | ശുചത്വ മിഷനിലേക്ക് തുക റീഫണ്ട് ചെയ്തത് | കൈപ്പറ്റ രശീതി ഇല്ല. |
| | ആകെ | 486897 | | |

രേഖകൾ ഹാജരാക്കാത്തതിനാൽ ചെലവു തുക 486897/-രൂപ തടസത്തിൽ വെക്കുന്നു.(ഓഡിറ്റ് എൻക്വയറി നമ്പർ 9/10.7.2020). ബന്ധപ്പെട്ട രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-22 തൊഴിൽ നികുതി -അപാകതകൾ .

1)ചുവടെ ചേർത്ത ജീവനക്കാരിൽ നിന്നും 2018-19 വർഷത്തെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. ആയത് ഈടാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതാണ്.

| പേര് | തസ്തിക | അർദ്ധവാർഷിക വരുമാനം | | അടവാക്കേണ്ട തുക | |
|---|---|---|---|---|---|
| | | I-ാം അർദ്ധവർഷം | II-ാം അർദ്ധവർഷം | I-ാം അർദ്ധവർഷം | II-ാം അർദ്ധവർഷം |
| വീരാൻകുട്ടി | പരിരക്ഷ ഡ്രൈവർ | 52745 | 65075 | 450 | 600 |

2) 2018-19 ഒന്നാം അർദ്ധവർഷ ഡിമാൻഡ് പ്രകാരം കോഡൂർ ഗ്രാമപഞ്ചായത്ത് ഓഫീസ് ജീവനക്കാരിൽ നിന്നും 18750 രൂപയാണ് തൊഴിൽ നികുതി ഇനത്തിൽ ഈടാക്കേണ്ടത്.

7/9/2018ലെ 118020102994നമ്പർ റസീപ്റ്റ് പ്രകാരം ആകെ 17500രൂപ മാത്രമേ ഈ ഇനത്തിൽ അടവാക്കിയിട്ടുള്ളൂ. കുറവ് വന്ന തുക അടവാക്കി ഓഡിറ്റിനെ വിവരം അറിയിക്കേണ്ടതാണ്.

3) ബി.എസ്.എൻ.എൽ ,കോഡൂർ ഗ്രാമ പഞ്ചായത്ത് 2018-19 ഒന്ന്, രണ്ട് അർദ്ധവർഷങ്ങളിലെ സ്ഥാപന തൊഴിൽ നികുതി അടവാക്കിയിട്ടില്ല.
ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി (6 /09.07.2020)ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല .
മേൽ അപാകതകൾ പരിഹരിച്ച്/തുക അടവാക്കി വിവരം അറിയിക്കേണ്ടതാണ്.

# 1-23 മരുന്ന് വാങ്ങൽ - മുഴുവൻ മരുന്നുകൾ ലഭ്യമായില്ല.

1)പി.എച്ച്.സി യിലേക്ക് മരുന്ന് വാങ്ങൽ - മുഴുവൻ മരുന്നുകൾ ലഭ്യമായില്ല.

മെഡിക്കൽ ഓഫീസർ നിർവഹണം നടത്തിയ" ആശുപത്രിയിലേക്ക് മരുന്ന് വാങ്ങൽ " എന്ന പദ്ധതിയിൽ (പ്രൊജക്ട് നം.38/18-19) ബിൽ നം.7/18-19 തി.12.11.2018 പ്രകാരം മരുന്നും ഉപകരണങ്ങളും വാങ്ങുന്നതിനായി 300,000 രൂപ കേരള മെഡിക്കൽ സർവീസ് കോർപ്പറേഷൻ,തൈക്കാട് തിരുവനന്തപുരത്തിന് നൽകിയിട്ടുണ്ട്.ആയതിൽ മരുന്നുകളിൽ താഴെ കാണും പ്രകാരമുള്ളവ മാത്രമാണ് ലഭ്യമായിട്ടുള്ളത്.

| ഇൻവോയ്സ് | തിയതി | തുക | മെഡിക്കൽ കോർപ്പറേഷനിൽ അവശേഷിക്കുന്ന തുക |
|---|---|---|---|
| 2343 | 07.01.2019 | 71394 | |
| 1096 | 27.04.2019 | 8229 | |
| 7299 | 31.10.2019 | 97897 | |
| 1011 | 31.10.2019 | 28321 | |
| 1606 | 20.01.2020 | 46018 | |
| 4692 | 25.06.2020 | 7196 | |
| ആകെ | | 259055 | 40945 |

അവശേഷിച്ച 40945/-രൂപയുടെ മരുന്ന് ലഭ്യമായ വിവരം രേഖകൾ സഹിതം റിപ്പോർട്ട് ചെയ്യേണ്ടതാണ്

2)പാലിയേറ്റീവ് പദ്ധതിക്കായി മരുന്ന് വാങ്ങൽ - മുഴുവൻ മരുന്നുകൾ ലഭ്യമായില്ല.

മെഡിക്കൽ ഓഫീസർ നിർവഹണം നടത്തിയ പ്രൊജക്ട് നമ്പർ 36/19 പാലിയേറ്റീവ് കെയർ പ്രൊജക്റ്റിന്റെ ഭാഗമായി പരിരക്ഷ പദ്ധതിക്ക് മരുന്ന് വാങ്ങുന്നതിനായി 48274 രൂപ (ബിൽ നം.6/18-19 തി.12.11.2018) കേരള മെഡിക്കൽ സർവീസ് കോർപ്പറേഷന് നൽകിയിട്ടുണ്ട്.ആയതിൽ മരുന്നുകളിൽ താഴെ കാണും പ്രകാരമുള്ളവ മാത്രമാണ് ലഭ്യമായിട്ടുള്ളത്.

| ഇൻവോയ്സ് | തിയതി | തുക | മെഡിക്കൽ കോർപ്പറേഷനിൽ അവശേഷിക്കുന്ന തുക |
|---|---|---|---|
| 953 | 25.04.2019 | 4744 | |
| 958 | 25.04.2019 | 15166 | |
| 7787 | 07.11.2019 | 8322 | |
| ആകെ | | 28232 | 20042 |

ആകെ 60987 (40945+20042) രൂപയുടെ മരുന്നുകൾ നാളിത് വരെ ലഭ്യമായിട്ടില്ല. ശേഷിക്കുന്ന മരുന്നുകൾ ലഭ്യമാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതും വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്. മരുന്നുകൾ ലഭ്യമാക്കുന്നത് വരെ 60987 രൂപ തടസ്സത്തിൽ വെക്കുന്നു. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി (7 /09.07.2020)ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല .

## ഭാഗം -4

## പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

# 4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| വർഷം | പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ /തീയതി |
|---|---|---|
| 2018-19 | 06.08.2019 മുതൽ 09.08.2019 വരെ | കെ.എസ്.എ.എം.പി.എം. 27/1032/2019<br>തിയ്യതി: 22-08-2019 |

# 4-2 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നല്കിയ സ്ഥാപനം | ലഭിച്ച തുക | പദ്ധതി പേര്,നം | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 1375920 | പ്രോ.നം-50/19<br>ലൈഫ് മിഷൻ ഭവന നിർമ്മാണം (ജനറൽ) | 1375920 | 0 |
| | 100000 | പ്രോ.നം-49/19<br>ലൈഫ് മിഷൻ ഭവന നിർമ്മാണം (എസ്.സി) | 100000 | 0 |
| | 100000 | പ്രോ.നം-48/19<br>ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ് | 100000 | 0 |
| ജില്ലാ പഞ്ചായത്ത് | 567300 | പ്രോ.നം-50/19<br>ലൈഫ് മിഷൻ ഭവന നിർമ്മാണം (ജനറൽ) | 567300 | 0 |
| | 600000 | പ്രോ.നം-48/19<br>ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ് | 600000 | 0 |

# 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനത്തിന് നിക്ഷേപ പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നല്കിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ,ചെക്ക് നമ്പർ, ബിൽ നമ്പർ | മുൻകൂർ നല്കിയ തുക | ചെല വഴിച്ച തുക | പൂർത്തീകരിച്ച വിവരം | ചെലവഴി ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | | | |

| | | | | | | |
|---|---|---|---|---|---|---|
| കേരള വാട്ടർ അതോറിറ്റി | കോട്ടപ്പറമ്പ് കുടിവെള്ള പദ്ധതിക്ക് പമ്പിംങ് മെയിൻ മാറ്റി സ്ഥാപിക്കൽ (പ്രോ.നം-126/19) | 5/18-19 തിയതി-11.0718 | 686400 | 686400 | പൂർത്തീകരിച്ചു | 0 |
| ഭൂഗർഭ ജല വകുപ്പ് | പരേങ്ങൽ അംഗൻവാടിക്ക് കുഴൽ കിണർ (പ്രോ.നം-208/19) | വൗച്ചർ നമ്പർ-655 തിയതി-3.11.2018 | 30350 | 30350 | പൂർത്തീകരിച്ചു | 0 |

# 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

# 4-5 വായ്പ /വായ്പ തിരിച്ചടവ്

ഇല്ല

# 4-6 സ്ഥിര നിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 1000000 |
| തൻവർഷം നിക്ഷേപിച്ച തുക ( പലിശ) | 90000 |
| ആകെ | 1090000 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 1090000 |

<u>വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു .</u>

| നിക്ഷേപത്തിന്റെ വിവരം | തുക | രശീതി നമ്പർ |
|---|---|---|
| കോട്ടക്കൽ കോ-ഓപ്പറേറ്റീവ് അർബൻ ബാങ്ക് ലിമിറ്റഡ്(FD ST/010813 dated 28.09.2017) | 1090000/- | FDST/010813 തിയതി.28.09.2018 |

# 4-7 ഓഡിറ്റ് റിക്കവറി

ഇല്ല.

# 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

പഞ്ചായത്തിലെ മുൻവർഷ ഓഡിററ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിററ് നിയമം 23 -ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളിൽ തീർപ്പാക്കാനവശേഷിക്കുന്നവയുടെ വിശദവിവരങ്ങൾ താഴെ ചേർക്കുന്നു

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| 2001-02 | 3-9 | 2006-07 | 3.71.4 | വാട്ടർ അതോറിറ്റിയിൽ നിക്ഷപിച്ച തുകയുടെ പൂർത്തീകരണ സാക്ഷ്യപത്രം സംബന്ധിച്ച് |

# 4-9 ചാർജ് സർചാർജ് നടപടികളുടെ വിവരം.

| ക്രമ നമ്പർ | റിപ്പോർട്ട് വർഷം | ഖണ്ഡിക നമ്പർ | ഉത്തരവാദിയായ വ്യക്തി | ചാർജ്ജ് /സർ ചാർജ്ജ് സർട്ടിഫിക്കറ്റ് | | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|---|
| | | | | നമ്പറും തിയതിയും | തുക | |
| 1 | 1997-98 | 3-2, 3-3, | ശ്രീ.ഒ.ഉണ്ണികൃഷ്ണൻ | LF 21822/Spl.Cell/SC5/03 Dt. 24.07.2014 | 2247/- | സെക്രട്ടറിയുടെ 05-6-2012ലെ എ1/201/2007 കത്ത് ശ്രീ. ഒ.ഉണ്ണികൃഷ്ണൻ മരണപ്പെട്ടതായി അറിയിച്ചിട്ടുണ്ട്. |

# 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 82476282 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 79755594 |
| വരവിനങ്ങളിലുള്ള നഷ്ടം | 0 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 2277 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 832884 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-20 | 2,85,000 | ഡോ.മുഹമ്മദ് അൻവർ പി(മെഡിക്കൽ ഓഫീസർ(പി.എച്ച്.സി)) |
| 1-21 | 486897 | ശ്രീ.പ്രേമാനന്ദൻ . കെ (സെക്രട്ടറി) |
| 1-23 | 60987 | ഡോ.മുഹമ്മദ് അൻവർ പി(മെഡിക്കൽ ഓഫീസർ(പി.എച്ച്.സി)) |
| | 832884 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല.

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

ഇല്ല

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാനവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1988-89<br>1989-90,1990-91 | കെ.എസ്.എ.എം.പി.എം 27/1695/18 തി.18.01.2018 | 2 |
| 1991-92,1992-93 | കെ.എസ്.എ.എം.പി.എം 27/1695/18 തി. 18.01.2018 | 6 |
| 1993-94,1994-95 | കെ.എസ്.എ.എം.പി.എം 27/1695/18 തി. 18.01.2018 | 10 |
| 1995-96 | കെ.എസ്.എ.എം.പി.എം 27/1695/18 തി.18.01.2018 | 5 |
| 1996-97 | കെ.എസ്.എ.എം.പി.എം 27/1695/18 തി. 18.01.2018 | 4 |
| 1997-98 | കെ.എസ്.എ.എം.പി.എം 27/1695/18 തി. 18.01.2018 | 8 |
| 1998-99 | കെ.എസ്.എ.എം.പി.എം 27/1695/18 തി. 18.01.2018 | 10 |
| 1999-00 | കെ.എസ്.എ.എം.പി.എം 27/1695/18 തി. 18.01.2018 | 8 |
| 2000-01 | കെ.എസ്.എ.എം.പി.എം 27/1695/18 തി. 18.01.2018 | 11 |
| 2001-02 | കെ.എസ്.എ.എം.പി.എം 27/1103/18 തി.13.06.2018 | 5 |
| 2003-04 | കെ.എസ്.എ.എം.പി.എം 27/1103/18 തി.13.06.2018 | 9 |
| 2004-05 | കെ.എസ്.എ.എം.പി.എം 27/1412/18 തി.11.09.2018 | 3 |
| 2005-06 | എൽ എഫ് എം12/391/10 തി.19.10.10 | 13 |
| 2006-07 | എൽ എഫ് എം12/542/11തി. 6.6.2011 | 14 |
| 2007-08 | എൽ എഫ് എം12/731/11 തി.8.6.2011 | 24 |
| 2008-09 | എൽഎഫ്എം12/67/11 തി.11.11.2011 | 18 |
| 2009-10 | എൽഎഫ്എം/12/68/11തി. 16.11.2011 | 16 |
| 2010-11 | എൽഎഫ് എം14/937/12 തി.12.11.2012 | 14 |
| 2011-12 | എൽഎഫ്എം14/2850/12 തി.14.03.2013 | 21 |
| 2012-13 | എൽ എഫ് എം14/1101/14 തി.10.12.14 | 13 |
| 2013-14,2014-15 | കെ എസ് എ എം പി എം27/2096/16 തി.01.01.2018 | 8 |
| 2015-16 | കെ എസ് എ എം പി എം 27/3/17 തി.15.02.2018 | 9 |
| 2016-17 | കെ.എസ്.എ.എം.പി.എം 27/1566/17 തി.08.05.2018 | 8 |
| 2017-18 | കെ.എസ്.എ.എം.പി.എം 27/606/19 തി.16.0.19 | 14 |

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## <u>അനുബന്ധം-1 ഓഡിറ്റ് സാക്ഷ്യപത്രം</u>

കെ.എസ്.എ.എം.പി.എം.27/10322019

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം.

പിൻ-676505 ഫോൺ:04832734951

dompm.ksad@kerala.gov.in

തിയ്യതി:22.08.2019

ഓഡിറ്റ് സാക്ഷ്യപത്രം

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 215-ാം വകുപ്പും ബന്ധപ്പെട്ട ചട്ടങ്ങളും അനുസരിച്ചും പഞ്ചായത്ത്/നഗരപാലിക സ്ഥാപനങ്ങളുടെ കണക്കുകളുടെ സാക്ഷ്യപ്പെടുത്തലിനായി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾ അവലംബിച്ചും മലപ്പുറം ജില്ലയിലെ കോഡൂർ ഗ്രാമപഞ്ചായത്തിന്റെ 31.03.2019 – ൽ അവസാനിച്ച വർഷത്തെ വാർഷിക ധനകാര്യസ്റ്റേറ്റ്മെന്റിന്റെ പരിശോധന നിർവ്വഹിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഈ സാക്ഷ്യപത്രത്തിന്റെ അന്യത്ര കൊടുത്തിട്ടുള്ള ന്യൂനതകൾ ഒഴികെ എന്റെ അഭിപ്രായത്തിൽ കോഡൂർ ഗ്രാമപഞ്ചായത്തിന്റെ 2018-19 വർഷത്തെ ധനകാര്യസ്റ്റേറ്റ്മെന്റ് വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം.

# അനുബന്ധം-2 ഓഡിറ്റ് സംക്ഷിപ്തം

| | | |
|---|---|---|
| 1 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് | സംക്ഷിപ്തം (Audited Abstract) |
| 2 | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് | |
| 3 | ബാലൻസ് ഷീറ്റ് | |

ഡെപ്യൂട്ടി ഡയറക്ടർ

മലപ്പുറം ജില്ല ഓഡിറ്റ് കാര്യാലയം, മലപ്പുറം